**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5349** **21-03-2025 - ൽ മറുപടിയ്ക്ക്**

**ആർ.സി. ബുക്ക് ഡൗൺലോഡ് ചെയ്യാൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 01.03.2025 മുതൽ വാഹനങ്ങളുടെ ആർ.സി. ബുക്കിന്റെ പ്രിന്റിംഗ് അവസാനിപ്പിച്ച സാഹചര്യത്തിൽ വാഹന ഉടമകൾക്ക് സുഗമമായി ആർ.സി. ബുക്ക് ഡൗൺലോഡ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) | 01.03.2025 മുതൽ വാഹനങ്ങളുടെ ആർ.സി പ്രിന്റ് ഉടമകൾക്ക് തന്നെ ഡൗൺലോഡ് ചെയ്യുന്നതിനായി പരിവാഹൻ പോർട്ടലിലെ ഡോക്യുമെന്റ്സ് ഡൗൺലോഡ് എന്ന മെനുവിലൂടെ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ chassis നമ്പറിന്റെ അവസാന അഞ്ചക്കം എന്നിവ നൽകി പരിവാഹനിൽ ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേക്ക് വരുന്ന ഒ.ടി.പി നൽകി ആർ.സി ഡൗൺലോഡ് ചെയ്യുവാൻ തക്കവണ്ണം സോഫ്റ്റ്‌വെയർ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ആർ.സി. ബുക്ക് ഡൗൺലോഡ് ചെയ്യുന്നതിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഓൺ ലൈൻ സേവനങ്ങൾ സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; ആർ.സി. ബുക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്ന രീതി ജനങ്ങളുടെ ഇടയിൽ വേണ്ടത്ര പ്രചരണം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ആർ. സി ബുക്ക് ഡൗൺലോഡ് ചെയ്യുന്നതിന് പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടില്ല. ആർ. സി ബുക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്ന രീതി ജനങ്ങളെ അറിയിക്കുന്നതിനായി, ഇത് സംബന്ധിച്ചുള്ള വിവരം പത്ര മാധ്യമങ്ങൾ വഴിയും മറ്റ് സമൂഹ മാധ്യമങ്ങൾ വഴിയും പ്രചാരണം നല്കിയിട്ടുള്ളതാണ്. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ സോഷ്യൽ മീഡിയ സെൽ വഴി ഇത് സംബന്ധിച്ചുള്ള വീഡിയോ, ഷോർട്ട് റീൽസ് എന്നിവ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിലെ കണക്കുകൾ പ്രകാരം ഇനി എത്ര ആർ.സി ബുക്കുകൾ പ്രിന്റ് ചെയ്ത് നൽകാനുണ്ടെന്നും ഇവ എന്നു മുതലുള്ളതാണെന്നും അറിയിക്കുമോ; പ്രസ്തുത ആർ.സി. ബുക്കുകൾ എന്നത്തേക്ക് പ്രിന്റ് ചെയ്ത് നൽകാനാവുമെന്ന് വ്യക്തമാക്കുമോ? | (സി) | 21/09/2024 തീയതി മുതൽ 01/03/2025 വരെ 10,68,512 ആർ. സി ബുക്കുകൾ പ്രിന്റ് ചെയ്തു നല്കാനുണ്ട്. ആയതു പ്രിന്റ് ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ